"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ് - കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായ ശ്രീ. പി. ഐ. ഷേക്ക് പരീത്(റിട്ട. ഐ.എ.എസ്)-ന്റെ പുനർ നിയമന കാലാവധി ദീർഘിപ്പിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്

സ.ഉ.(കൈ) നം.24/2022/F&P തീയതി,തിരുവനന്തപുരം, 25-11-2022

---

പരാമർശം:
1. സ.ഉ(കൈ)നം.30/2018/മ.തു.വ തീയതി.21.08.2018.
2. സ.ഉ(കൈ)നം.30/2019/മ.തു.വ തീയതി.24.08.2019.
3. സ.ഉ(കൈ)നം.20/2020/മ.തു.വ തീയതി.11.11.2020.
4. സ.ഉ(കൈ)നം.20/2021/മ.തു.വ തീയതി.28.10.2021.
5. സ.ഉ(കൈ)നം.07/2022/പി&ഇഎ തീയതി. 18.03.2022
6. സ.ഉ(കൈ)നം.12/2022/മ.തു.വ തീയതി.06.06.2022.
7. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 04.07.2022-ലെ 2982/ഡി/2018/KSCADC നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) പ്രകാരം ശ്രീ. പി. ഐ. ഷേക്ക് പരീത്(റിട്ട. ഐ.എ.എസ്)-നെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി പുനർ നിയമന വ്യവസ്ഥയിൽ നിയമിക്കുകയും പരാമർശം (2) (3) (4) (6) ഉത്തരവുകൾ പ്രകാരം പുനർ നിയമന കാലാവധി ദീർഘിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

2. സംസ്ഥാന സർക്കാരിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി/സി.ഇ.ഒ മാരുടെ ഉയർന്ന പ്രായപരിധി പരാമർശം (5) പ്രകാരം 65 വയസായി നിജപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നിലവിൽ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന സാഹചര്യത്തിൽ പദ്ധതികളുടെ കാര്യക്ഷമവും സമയബന്ധിതവുമായ പൂർത്തീകരണത്തിനും, തീരദേശ മേഖലയുടെ വികസനത്തിന് കൂടുതൽ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും ശ്രീ. പി. ഐ. ഷേക്ക് പരീതിന്റെ സേവനം അത്യന്താപേക്ഷിത മായതിനാൽ പരാമർശം (5)-ലെ പ്രായപരിധി വ്യവസ്ഥയിൽ ഇളവ് അനുവദിച്ച് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായ ശ്രീ. പി. ഐ. ഷേക്ക് പരീത് -ന്റെ പുനർ നിയമന കാലാവധി 23.08.2022 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K S SRINIVAS
പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
പൊതുഭരണ(എസ്.സി) വകുപ്പ് (ഇനം നം.1185 പ്രകാരം)
ധനകാര്യ വകുപ്പ്
വിജിലൻസ് വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം, ഫയൽ പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Predeep Manohar
Date: 28-11-2022 14:42:15

**രഹസ്യം**

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 23-11-2022

ഫയൽ നം. എ1/239/2022/മ.തു.വ. ഇനം നം: 1185

വിഷയം : മത്സ്യബന്ധന-തുറമുഖ വകുപ്പ് - കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ശ്രീ. പി. ഐ. ഷേയ്ക്ക് പരീത് ഐ.എ.എസ്.(റിട്ട)-ന്റെ പുനർനിയമന കാലാവധി ദീർഘിപ്പിച്ചു നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്.

DS

23/11/22

24/11

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽനമ്പർ | എ 1/239/2022/മ.തു.വ. |
| 2. | വകുപ്പ് | മത്സ്യബന്ധന തുറമുഖ (എ) വകുപ്പ് |
| 3. | വിഷയം | കേരള സംസ്ഥാന തീരദേശ വികസന കോർപറേഷൻ മാനേജിംഗ് ഡയറക്ടർ ശ്രീ. പി. ഐ. ഷേയ്ക്ക് പരീത് ഐ.എ.എസ് (റിട്ട)-ന്റെ പുനർ നിയമനകാലാവധി ദീർഘിപ്പിച്ച് നൽകുന്നത്- സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 04/11/2022 |
| 5. | 1. ഇത് സാമ്പത്തിക ബാധ്യത യുള്ളതാണോ?<br>2. സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | 1) അതെ<br>2) ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് (വിജിലൻസ് വകുപ്പുമായി)<br>ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. ടി. എസ്. പ്രവീൺ കുമാർ |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ. കെ. എസ്. ശ്രീനിവാസ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 14/11/2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി. പി. ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 15/11/2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. വി. അബ്ദു റഹിമാൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 15/11/2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 16/11/2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭയോഗത്തിനുള്ള കുറിപ്പ്

കേരള സംസ്ഥാന തീരദേശ വികസന കോർപറേഷൻ മാനേജിംഗ് ഡയറക്ടറായി സേവനമനുഷ്ഠിക്കുന്ന ശ്രീ. പി. ഐ. ഷേയ്ക്ക് പരീത് ഐ.എ.എസ് (റിട്ട)-ന്റെ പുനർ നിയമനകാലാവധി ദീർഘിപ്പിച്ചു നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ് .

**2)** 21/08/2018-ലെ സ.ഉ.(കൈ).നം.30/2018/മ.ത്സ്യ.വ. പ്രകാരം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി പുനർ നിയമന വ്യവസ്ഥയിൽ നിയമിതനായ ശ്രീ പി. ഐ. ഷേക്ക് പരീത്-ന്റെ നിയമന കാലയളവ് തുടർന്ന് വന്ന വർഷങ്ങളിൽ ദീർഘിപ്പിച്ചു നൽകിയിരുന്നു. അപ്രകാരം 28/10/2021-ലെ സ.ഉ.(കൈ).നം.20/2021/മ.ത്സ്യ.വ., 06/06/2022-ലെ സ.ഉ.(കൈ).നം.12/2022/മ.ത്സ്യ.വ എന്നിവ പ്രകാരം ദീർഘിപ്പിച്ചു നൽകിയ കാലയളവ് 22.08.2022-ൽ അവസാനിച്ച പശ്ചാത്തലത്തിൽ വീണ്ടും 2 വർഷം കൂടി പുനർ നിയമനം അനുവദിക്കണമെന്നു കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

**3)** ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പിന്റെ 18/03/2022 ലെ സ. ഉ. (കൈ) നം. 07/2022/പ്ലാനിംഗ് പ്രകാരം സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതു മേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സ്വയം ഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളിലെയും

മാനേജിങ് ഡയറക്ടർ/ സെക്രട്ടറി/ ഡയറക്ടർ/ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ എന്നിവരുടെ ഉയർന്ന പ്രായപരിധി 65 വയസ്സാക്കി പുതുക്കി നിശ്ചയിച്ചു. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായ ശ്രീ പി.ഐ. ഷേക്ക് പരീത്-ന് 30/11/2021 ൽ 65 വയസ്സ് പൂർത്തിയായ സാഹചര്യത്തിൽ ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പിന്റെ 18/03/2022 ലെ സ.ഉ.(കൈ) നം. 07/2022/പ്ലാനിംഗ് നം. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ പി. ഐ. ഷേക്ക് പരീത് -ന് പ്രായപരിധിയിൽ ഇളവ് നൽകി കേരള സംസ്ഥാന തീരദേശ വികസന കോർപറേഷൻ മാനേജിംഗ് ഡയറക്ടറായി 23.08.2022 മുതൽ ഒരു വർഷത്തേക്ക് കൂടി പുനർ നിയമനം ദീർഘിപ്പിച്ചു നൽകുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

*"കേരള സംസ്ഥാന തീരദേശ വികസന കോർപറേഷൻ മാനേജിങ്ങ് ഡയറക്ടർ ശ്രീ പി. ഐ. ഷെയ്ഖ് പരീത്-ന്റെ പുനർ നിയമന കാലാവധി 22.08.2022 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിൽ ധനവകുപ്പ് അനുമതി നൽകുന്നു. ഇതിനു ബഹു. ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്."*

**4)** ശ്രീ. പി. ഐ. ഷെയ്ഖ് പരീതിനെതിരെ വിജിലൻസ് അന്വേഷണമോ കേസോ റിപ്പോർട്ടോ ശിപാർശകളോ നിലവിലില്ല എന്ന വിജിലൻസ് വകുപ്പും അറിയിച്ചിട്ടുണ്ട്.

**5)** മേൽ സാഹചര്യത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപറേഷൻ മാനേജിംഗ് ഡയറക്ടറായി ശ്രീ പി. ഐ. ഷേയ്ക്ക് പരീത്

ഐ.എ.എസ്(റിട്ട)- ന്റെ പുനർ നിയമന കാലയളവ് 23.08.2022 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചു നൽകുന്നത് സംബന്ധിച്ച ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി.

**<u>തീരുമാനം എടുക്കേണ്ട വിഷയം</u>**

കേരള സംസ്ഥാന തീരദേശ വികസന കോർപറേഷൻ മാനേജിംഗ് ഡയറക്ടർ ശ്രീ. പി. ഐ. ഷേയ്ക്ക് പരീത് ഐ.എ.എസ് (റിട്ട)-ന്റെ പുനർ നിയമനകാലാവധി 23/08/2022 മുതൽ വീണ്ടും ഒരു വർഷത്തേക്ക് കൂടി, 18/03/2022 ലെ സ. ഉ. (കൈ) നം. 07/2022/പ്ലാനിംഗ് നമ്പർ ഉത്തരവിലെ വ്യവസ്ഥകളിൽ ഇളവ് നൽകി, ദീർഘിപ്പിച്ചു നൽകാമോ ?